Vol-1,N0:12
07-07-2007

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. ആരോഗ്യ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണം - കെ.സി.ബി.സി ഐക്യ- ജാഗ്രതാ കമ്മീഷൻ.
02. ഞായാറാഴ്ച പ്രവർത്തി ദിനം : ക്രൈസ്തവ അവകാശത്തിന്മേലുള്ള കടന്നു കയറ്റം.
03. കർഷകരുടെ കണ്ണീരിനു വിലയില്ലേ?
04. ആലുവയിൽ വൈദികൻ ബസിടിച്ച് മരിച്ചു.
05. സർക്കാർ-സ്വാശ്രയ സ്ഥാപന കരാർ അംഗീകരിക്കില്ല: ചർച്ച് കൗൺസിൽ.
06. സർക്കാർ അധികാരമേറ്റതിന് ശേഷം സംസ്ഥാനത്ത് 9,401 പേർ ജീവനൊടുക്കി; 12,804 ക്രിമിനൽ കേസുകൾ, 913 പെൺകുട്ടികളെ കാണാതായി.

## 01. ആരോഗ്യ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണം - കെ.സി.ബി.സി ഐക്യ- ജാഗ്രതാ കമ്മീഷൻ

പറവകൾക്ക് നമ്മുടെ തലയ്ക്ക് മുകളിലൂടെ പറന്നു നടക്കാം. അത് പ്രകൃതി നിയമമാണ്. എന്നാൽ പറവകൾ നമ്മുടെ തലയിൽ കൂട് കൂട്ടുവാൻ നാം സമ്മതിക്കുമോ? തീർച്ചയായും ഇല്ല. പക്ഷെ കേരളത്തിന്റെ ആരോഗ്യ മന്ത്രാലയം അതിനുവരെ സമ്മതിച്ചിരിക്കുന്നു എന്നു വേണം വർത്തമാനകാലഘട്ടത്തിൽ മനസ്സിലാക്കാൻ.

പേരും പെരുമയും ധാരാളം സമ്പാധിച്ചിട്ടുള്ള നാടാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാട്, ഹരിത കേരളം എന്നിവ അവയിൽ ചിലതുമാത്രം. ഇതെല്ലാം വളരെ ശരിയുമാണ്, അല്ല ആയിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനമാരംഭിച്ചത് കേരളത്തിലെ നെയ്യാറ്റിൻ കരയിൽ ആയിരുന്നു. ആദ്യമായി നൂറുശതമാനം സാക്ഷരത കൈവരിച്ചത് കേരളമായിരുന്നു. ഉയർന്ന ജീവിത നിലവാരം, കുറഞ്ഞ മരണ നിരക്ക് എന്നു വേണ്ട പ്രധാനപ്പെട്ട എല്ലാ മേഖലകളിലും തന്നെ കേരളം മുൻപന്തിയിലായിരുന്നു. പക്ഷെ ഇന്ന് കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ ഒട്ടും പിന്നിലല്ല എന്ന് തെളിയിച്ചു കൊണ്ടിരിക്കുകയാണ്.

പനി, എലിപ്പനി, ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, ജപ്പാൻ ജ്വരം...... തുടങ്ങി നിരവധി കേട്ടു കേൾവി പോലുമില്ലാത്ത രോഗങ്ങളുടെ കുമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ് കേരളം. ഈ അടുത്ത മാസങ്ങളിലായി അനുദിനം പനിയും മറ്റ് അനുബന്ധ അസുഖങ്ങളും ബാധിച്ച് മരിക്കുന്നവരിൽ അധികവും പത്തിനും പതിനഞ്ചും വയസ്സിനിടയിലുള്ളവരാണ്. ഇതുവരെ മരണപ്പെട്ടവരുടെ കണക്കെടുത്താൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഇതെല്ലാം ദൈവത്തിന്റെ സ്വന്തം നാട് രോഗത്തിന്റെ നാടായി മാറിക്കൊണ്ടിരിക്കുകയാണ് എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ആരാണ് ഇതിനെല്ലാം ഉത്തരവാദികൾ ? സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ ഇക്കഴിഞ്ഞ കുറെ മാസത്തെ നടപടികൾ എടുത്തു പരിശോധിച്ചാൽ, ഉത്തരം കണ്ടെത്തുക വളരെ എളുപ്പമായിരിക്കും. രോഗം വരാതെ നോക്കുക എന്നതാണ് ചികിത്സയേക്കാൾ അഭികാമ്യം എന്ന് കൊട്ടിഘോഷിക്കുന്നവരാണ് നമ്മൾ. എന്നാൽ ആരോഗ്യ മന്ത്രാലയം ഈ മേഖലയിൽ എന്താണ് ചെയ്തിട്ടുള്ളത്? വിദഗ്ദരുടെ അഭിപ്രായമനുസരിച്ച് ഇന്നത്തെ പകർച്ചപ്പനിയുടെയും ചിക്കൻ ഗുനിയയുടെയും പ്രധാന വക്താക്കൾ കൊതുകുകളാണ്. ഇവയെ നശിപ്പിക്കാനും ഒഴിവാക്കാനുമായി എന്താണ് നമ്മുടെ ആരോഗ്യ മന്ത്രാലയം ചെയ്തിട്ടുള്ളത്? രണ്ടാഴ്ച്ചയ്ക്കുള്ളിൽ സംസ്ഥാനത്തെ മാലിന്യം മുഴുവൻ നീക്കണമെന്ന് ഹൈക്കോടതി ഉത്തരവുണ്ടായതാണ്. പക്ഷെ ആവശ്യത്തിന്

ജോലിക്കാരും വാഹനങ്ങളും ഇല്ലെന്ന് പറഞ്ഞ് ബന്ധപ്പെട്ടവർ കൈകഴുകി. എന്തിനേറെ പറയുന്നു, ആശുപത്രികളിൽ നിന്നുപോലും മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടികളെടുക്കാത്തവർ റോഡരുകിലെ മാലിന്യം നീക്കാൻ പാടുപെട്ടാലാണ് അത്ഭുതം ! ഇതിനിടയിലാണ് പകർച്ചവ്യാധി സമയങ്ങളിൽ പ്രവർത്തിക്കേണ്ടതിനെപ്പറ്റി പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസെപക്ടർമാർക്ക് നിയമനം നൽകാതെ ഒരു മാസത്തോളം വെറുതെ ശമ്പളം നൽകിക്കൊണ്ടിരുന്നത്. സർക്കാർ സർവ്വീസിലുണ്ടായിട്ടും സ്വാർത്ഥ താത്പര്യങ്ങൾക്കു വേണ്ടി മറ്റു സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരെ നിലയ്ക്ക് നിർത്താൻ ആരോഗ്യ വകുപ്പിനാകാത്തതും എരിതീയിൽ എണ്ണയാകുന്നു. 20,0000-ത്തോളം ഡോക്ടർമാർ അംഗമായിട്ടുള്ള സംഘടനയാണ് കങഅ. പക്ഷെ കേരളത്തിലെ രക്ഷാ പ്രവർത്തനങ്ങളിൽ കങഅ യെ സഹകരിപ്പിക്കാൻ കഴിയാതെ പോയത് കേരളത്തിലെ ആരോഗ്യ മന്ത്രാലയത്തിന്റെ കഴിവുകേട് തന്നെയാണ്.

ഇതെല്ലാം ഒറ്റദിവസം കൊണ്ട് പരിഹരിക്കാനാവുകയില്ല. എങ്കിലുംപരിഹരിക്കാനാകാത്തതല്ലല്ലോ? യുദ്ധം തുടങ്ങിയതിനുശേഷം ആരെങ്കിലും പടയാളികളെ അന്വേഷിച്ച് പോകാറുണ്ടോ? അതുപോലെ മൺസൂൺ കാലത്ത് രോഗങ്ങൾ ഉള്ളതാണെന്നറിയാമെങ്കിലും മുൻകരുതലുകൾ ആവശ്യം തന്നെയാണ്. ആവശ്യത്തിന് ജീവനക്കാരേയും മറ്റും ഒരുക്കി നിറുത്തേണ്ടിയിരുന്നത് ആരോഗ്യവകുപ്പിന്റെ ഉത്തരവാദിത്വം തന്നെയാണ്. മുൻഗണനയാണ് അടുത്ത പ്രശ്നം. മാലിന്യം നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന കനാലുകളും മറ്റും നമ്മുടെ നാട്ടിൽ കാലങ്ങളായി ഉള്ളതാണ്. എന്നാൽ അവ ഒരു തുടർച്ചയായ പ്രക്രിയയിലൂടെ ഇല്ലാതാക്കുന്നതിനുപകരം, ബക്കറ്റുകളിലും ചിരട്ടകളിലും ഇന്നലെ വന്നു കൂടിയ വെള്ളത്തിലും ശ്രദ്ധിക്കുന്നത് തീർത്തും അപലപിനീയമാണ്. ജനങ്ങൾ ദുഃഖിക്കുമ്പോൾ ഉത്തരവാദികളായവർ മറ്റുള്ളവരുടെ തലയിൽ ഭാരം കെട്ടിവെച്ച് ഒഴിഞ്ഞു മാറുന്നതും, സ്വാർത്ഥ താത്പര്യങ്ങൾക്കായി സമയം വിനിയോഗിക്കുന്നതും മെഡിക്കൽ കോളേജ്, ആരോഗ്യവകുപ്പ് സംയോജനം, സമാന്തര സംവിധാനം തുടങ്ങിയ പ്രസ്താവനകളിറക്കി തടിപ്പുനടത്തുന്നതും തികച്ചും നിരുത്തരവാദിത്വപരവും കുറ്റകരവുമാണ്. സത്യത്തിൽ ഇവിടെ പ്രതിനായകൻ നമ്മുടെ ആരോഗ്യ വകുപ്പിന്റെ  സാറാന്മാരെ ന്നു വിളിക്കുന്നവരുടെ അനാസ്ഥ തന്നെയാണ്.  ആരോഗ്യമേഖലയിൽ സർക്കാർ അനാസ്ഥ കാണിക്കുമ്പോഴും മനുഷ്യത്വം വറ്റാത്ത ചില മനുഷ്യസ്നേഹി സംഘടനകൾ നടത്തുന്ന രക്ഷാപ്രവർത്തനങ്ങൾ അഭിനന്ദനാർഹം തന്നെ. ഇതിൽ പ്രത്യേകം എടുത്തു പറയാവുന്നതാണ് കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ. സൗജന്യ ചികിത്സാക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യ വൈദ്യ സഹായം ജാതിമത ഭേദമന്യേ നല്കുന്നതിന് ക്രൈസ്തവ സമൂഹങ്ങളും ആരോഗ്യ സ്ഥാപനങ്ങളും കൈകോർത്ത് മുന്നിൽത്തന്നെ ഉണ്ടായിരുന്നു. മാലിന്യങ്ങൾ നീക്കം ചെയ്ത് തങ്ങളാലാവും വിധം ജനസമൂഹങ്ങളെ സഹായിക്കുവാൻ ആഹ്വാനം ചെയ്ത് കൊണ്ട് അഭിവന്ദ്യ പിതാക്കന്മാർ എഴുതിയ ഇടയ ലേഖനങ്ങളും ക്രൈസ്തവ സമൂഹങ്ങളിൽ വളരെയേറെ സ്വാധീനം ചെലുത്തി, രക്ഷാപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിക്കുകയുണ്ടായി.

ആരോഗ്യവകുപ്പിന്റെ പരാജയം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയേയും കാര്യമായി ബാധിച്ചിരിക്കുന്നു. പനിയെപ്പേടിച്ച് സംസ്ഥാനം സന്ദർശിക്കാതെ വിദേശികൾ മടങ്ങുന്ന പ്രവണതയാണ് ഇപ്പോൾ വിനോദ സഞ്ചാര മേഖലയിൽ കണ്ടുവരുന്നത്. ഇതുമൂലം ടൂറിസം മേഖലയുടെ വരുമാനത്തിൽ ഏകദേശം 500 കോടി രൂപയുടെ കുറവുണ്ടാകും എന്നാണ് കണകാക്കപ്പെടുന്നത്. ആയതിനാൽ ആരോഗ്യ മേഖലയിലെ പ്രതിസന്ധി ഉടനെ പരിഹരിക്കാൻ സർക്കാർ സന്നദ്ധ സംഘടനകൾ മുന്നോട്ട് വരണം.

## 02. ഞായാറാഴ്ച പ്രവർത്തി ദിനം :: ക്രൈസ്തവ അവകാശത്തിന്മേലുള്ള കടന്നു കയറ്റം.

(Deepika 03-07-2007)

സ്കൂളിൽ ശനിയും ഞായറും അനുബന്ധ പ്രവർത്തി ദിവസങ്ങളാക്കുവാനുള്ള സർക്കാർ തീരുമാനം ക്രൈസ്തവ വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും ഇതൊരിക്കലും അംഗീകരിക്കാനാവില്ലായെന്നും കെ. സി. ബി. സി ഐക്യ ജാഗ്രതാ കമ്മീഷൻ ആരോപിച്ചു. ഇത് സഭാ മക്കളുടെ ആചാരാനുഷ്ഠാനങ്ങൾ നിഷേധിക്കലും ക്രൈസ്തവ കൂട്ടായ്മയെ നശിപ്പിക്കുവാനുമുള്ള നിഗൂഢമായ നീക്കത്തിന്റെ ഭാഗമാണെന്നും യോഗം വിലയിരുത്തി. ഇത്തരത്തിലുള്ള ക്രൈസ്തവ വിരോധ നടപടികൾ സർക്കാർ അടിയന്തിരമായി പിൻവലിക്കണമെന്ന്  ആവശ്യപ്പെട്ടു. സർക്കാരിന്റെ ക്രൈസ്തവ വിരോധ നടപടികളെ കത്തോലിക്ക സഭ ഒറ്റക്കെട്ടായി നേരിടുമെന്നും എല്ലാ രൂപതകളിലും പ്രതിഷേധ ദിനം ആചരിക്കണമെന്നും ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള അവകാശങ്ങൾ പിടിച്ചെടുക്കുവാൻ ഒരു ശക്തിയെയും അനുവദിക്കുകയില്ലായെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ വ്യക്തമാക്കി.

ഈ സർക്കാരിന്റെ കാലത്ത് ക്രൈസ്തവ സമൂഹം നാനാവിധത്തിലുള്ള ബുദ്ധിമുട്ടുകളും പ്രതിസന്ധികളും നേരിട്ടുക്കൊണ്ടിരിക്കുകയാണ്. ശനിയും ഞായറും അനുബന്ധ പ്രവർത്തി ദിനങ്ങൾ ആക്കുന്നതിനുള്ള നടപടികൾ, സ്കൂളുകളുടെ നടത്തിപ്പിൽ ത്രിതല പഞ്ചായത്തുകളുടെ ഇടപെടൽ, സ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അതിപ്രസരം, ന്യൂനപക്ഷ അവകാശത്തിന്മേലുള്ള കൈകടത്തൽ, വിദ്യാഭ്യാസ മേഖലയെ രാഷ്ട്രീയവത്ക്കരിക്കൽ, ചില വിദ്യാർത്ഥി സംഘടനകളെ ഗുണ്ടാസംഘങ്ങളാക്കുന്ന ദുഷ്പ്രവണത ഇതെല്ലാം ന്യൂനപക്ഷങ്ങളുടെയും ക്രൈസ്തവ സമൂഹങ്ങളുടെയും മേലുള്ള കടന്നുകയറ്റത്തിന്റെ ഭാഗമാണെന്ന് യോഗം വിലയിരുത്തി. ഇത് ക്രൈസ്തവ സ്ഥാപനങ്ങൾ പിടിച്ചെടുക്കുവാനുള്ള സർക്കാരിന്റെ വ്യാമോഹമാണ്. ഈ സർക്കാരിന്റെ ക്രൈസ്തവ വിരോധ നടപടികൾ അവസാനിപ്പിക്കണമെന്നും ഞായറാഴ്ച അനുബന്ധ പ്രവർത്തി ദിവസമാക്കുവാനുള്ള നീക്കത്തിൽ നിന്നും ഉടൻ പിന്മാറണമെന്നും കെ. സി. ബി. സി ഐക്യ – ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു.

03. <u>കർഷകരുടെ കണ്ണീരിനു വിലയില്ലേ?</u> (Malayala Mnorama 29-0702007)

സർക്കാരിന് ഇത്രയും പിടിപ്പുകേടും അനാസ്ഥയുമോ? – നൂറുകണക്കിന് കർഷകർ കടക്കെണിയിൽപെട്ട് ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ രൂപം കൊണ്ട കാർഷിക കടാശ്വാസ കമ്മീഷന്റെ ദയനീയാവസ്ഥ കേട്ടു കേരളത്തിലെ ജനങ്ങൾ ഇങ്ങനെ അദ്ഭുതപ്പെട്ടിട്ടുണ്ടാകും. അടിസ്ഥാന സൗകര്യങ്ങൾ പോലും സർക്കാർ അനുവദിക്കാത്ത സാഹചര്യത്തിൽ ഇനി കമ്മീഷന് മുന്നോട്ടു പോകാനാവില്ലെന്നാണ് ചെയർമാൻ ജസ്റ്റിസ് കെ. എ അബ്ദുൾ ഗഫൂർ കഴിഞ്ഞ ദിവസം കൃഷിമന്ത്രി മുല്ലക്കര രത്നാകരന്റെ സാന്നിധ്യത്തിൽ തുറന്നടിച്ചത്. വയനാടിനെ ദുരിതബാധിത ജില്ലയായി പ്രഖ്യാപിക്കാനുള്ള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാൻ സംഘടിപ്പിച്ച ചടങ്ങ് അങ്ങനെ കമ്മീഷന്റെ തന്നെ ദുര്യോഗത്തിന്റെ കഥ പരസ്യമാക്കാനുള്ള വേദിയായി. കാര്യമായി ഒന്നും പറയാനാകാതെ മന്ത്രി ഇറങ്ങിപ്പോവുകയു ചെയ്തു.

കമ്മീഷൻ ഉണ്ടാക്കിയത് ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി കൊട്ടിഘോഷിക്കപ്പെട്ടു വരികയായിരുന്നു. കടക്കെണിയിലായ കർഷകരുടെ കടങ്ങൾ എഴുതി തള്ളാനും വിലത്തകർച്ച, രോഗബാധ, പ്രകൃതിക്ഷോഭം, ഉല്പാദനക്കുറവ്, വരൾച്ച തുടങ്ങിയവ മാനദണ്ഡങ്ങളാക്കി ഏതെങ്കിലും പ്രദേശത്തെയോ ജില്ലയെയോ ദുരിതബാധിതമായി പ്രഖ്യാപിക്കാനും അധികാരമുള്ളതാണ് ഈ കമ്മീഷൻ. ഇത് സംബന്ധിച്ച ബില്ലിന് കഴിഞ്ഞ വർഷം ഒക്ടോബറിൽ രൂപം നൽകി. പോരായ്മകൾ ഉണ്ടായിരുന്നുവെങ്കിലും അതു ഡിസംബറിൽ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനം പാസ്സാക്കി. ഹൈക്കോടതി ജഡ്ജിയായിരുന്ന അബ്ദുൾ ഗഫൂർ ചെയർമാനും മറ്റു നാലു പേർ അംഗങ്ങളുമായി കമ്മീഷൻ ഈ വർഷം മാർച്ചിൽ നിലവിൽ വന്നു. പിന്നീടു സർക്കാർ കാര്യമായി ഒന്നും ചെയ്തില്ലെന്നാണു ചെയർമാൻ നടത്തിയ പരസ്യവിമർശനത്തിന്റെ ചുരുക്കം.

മേയ് 30 വരെ കമ്മിഷനു സ്വന്തമായി ഓഫിസ് പോലുമില്ലായിരുന്നു. കർഷകരുടെ കണ്ണീരിൽ കുതിർന്ന അപേക്ഷകൾ അതുവരെ കൃഷിവകുപ്പു ഡയറക്ടറുടെ മുറിയിൽ ചാക്കിൽ കെട്ടിവെച്ചു. ഇപ്പോൾ അവ കമ്മിഷൻ ഓഫീസിൽ കുന്നുകൂടികിടക്കുന്നു. അഗ്നിശമന സംവിധാനമോ കാവൽക്കാരനോ ഇല്ല. ഷോർട്ട് സർക്യൂട്ട് ഉണ്ടായാൽ പോലും എല്ലാം കത്തിനശിക്കും. അപേക്ഷകൾ തരം തിരിക്കാൻ ആകെയുള്ളത് ഒരു ക്ലർക്കും ഒരു പ്യൂണും. ചെയർമാനോ അംഗങ്ങൾക്കോ ഇതുവരെ ബത്തയോ അലവൻസോ കിട്ടിയിട്ടില്ല. അവരുടെ വേതനവ്യവസ്ഥകൾ തീരുമാനിച്ചിട്ടുമില്ല.

കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ചട്ടങ്ങളുടെ രൂപരേഖ ചെയർമാൻ തന്നെ തയ്യാറാക്കിക്കൊടുത്തിരുന്നു. അത് ഇതുവരെ നടപ്പാക്കിയിട്ടില്ല. കടാശ്വാസത്തിനായി 160 കോടിരൂപ ബജറ്റിൽ വകകൊള്ളിച്ചിരുന്നതിൽ പത്തുപൈസ പോലും കമ്മീഷനു കിട്ടിയിട്ടില്ല. ആവശ്യമായ ജീവനക്കാരുണ്ടായിരുന്നുവെങ്കിൽ ഡിസംബർ 30-നു മുൻപു 100 കോടിയെങ്കിലും വിതരണം ചെയ്യാമായിരുന്നു. ഇന്നത്തെ സ്ഥിതിയിൽ അതു നടപ്പില്ല. മാർച്ചിനു മുൻപു നൽകിയില്ലെങ്കിൽ പണം ലാപ്സാകും. ആവശ്യമായ പണവും ജീവനക്കാരുമില്ലാതെ ഇടുക്കി ജില്ലയെ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിനു നൽകാനുമാകില്ല. ഇതെല്ലാം ചെയർമാൻ തന്നെ വെട്ടിത്തുറന്നു പറഞ്ഞതാണ്.

ഒരു പുതിയ സംവിധാനമായതിനാൽ ഇതെല്ലാം സ്വാഭാവികമാണെന്ന മട്ടിലായിരുന്നു മന്ത്രിയുടെ മറുപടി. ആവുന്നതെല്ലാം ചെയ്തുവെന്നും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും പറഞ്ഞ അദ്ദേഹം കേരളത്തിലോ ഇന്ത്യയിലോ മുൻപൊരു കമ്മീഷനും ഇത്ര പെട്ടെന്നു പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നു വാദിക്കാനും മറന്നില്ല. പിന്നീടു ചാനലുകളിൽ പ്രത്യക്ഷപ്പെട്ട മന്ത്രി മറ്റൊരു കാര്യം കൂടി പറഞ്ഞു. ഇതു കർഷകരുടെ ആശ്വാസത്തിനുള്ളതാണ്.

അല്ലാതെ, കമ്മീഷന്റെ ആശ്വാസത്തിനുള്ളതല്ല. എന്നാൽ, ചെയർമാൻ ക്ഷോഭിച്ചതിനാൽകാര്യമുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കമ്മിഷനു വേണ്ടി ബജറ്റ് വിഹിതം നീക്കിവച്ചുവെങ്കിലും അതു കൃത്യസമയത്തു കൊടുത്തില്ല. ജീവനക്കാരെ നൽകുന്നതിലും അമാന്തം കാട്ടി. സെക്രട്ടേറിയറ്റിലെ ചില ഉദ്യോഗസ്ഥരുടെ പിടിവാശിയാണ് ഇതിനെല്ലാം കാരണം. ഇതെല്ലാം ചിരിച്ചു കൊണ്ടു മുഖ്യമന്ത്രി പറഞ്ഞതിന്റെ അർത്ഥമെന്താണ്? പാവപ്പെട്ട കർഷകരുടെ ജീവിതത്തെ ബാധിക്കുന്ന തിവ്രമായ ഒരു പ്രശ്നത്തെ സർക്കാർ ഇത്ര ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് അക്ഷന്ത്യവ്യമാണ്.

04. ആലുവയിൽ വൈദികൻ ബസിടിച്ച് മരിച്ചു. (Deepika 30-07-2007)

അമിത വേഗത്തിൽ പാഞ്ഞു വന്ന സ്വകാര്യ ബസിടിച്ച് വൈദികൻ മരിച്ചു. ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസി ആൻഡ് റിലീജിയൻ പ്രസിഡന്റ് റവ. ഡോ. എമ്മാനുവൽ അറയ്ക്കത്തോട്ടം (78) ആണ് മരിച്ചത്. സംസ്കാരം തിങ്കളാഴ്ച രാവിലെ 10-ന് കാസിനോ തീയറ്ററിനു സമീപത്തെ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ. രാവിലെ 10.30-ന് ആലുവ ബാങ്ക് ജംഗ്ഷനിലായിരുന്നു അപകടം. റോഡ് കുറുകെ കടന്നതിനു ശേഷം വഴിയരുകിലൂടെ നടന്നു പോകവെ ഇദ്ദേഹത്തെ ബസിടിച്ച് തെറിപ്പിക്കുകയായിരുന്നു. സംഭവ സ്ഥലത്ത് തന്നെ മരണം സംഭവിച്ചു. ബസ് ജീവനക്കാർ ഓടിരക്ഷപ്പെട്ടു. മൃതദേഹം കാർമ്മൽ ആശുപത്രിയിൽ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

ആലുവ - പെരുമ്പാവൂർ റൂട്ടിൽ ചൂണ്ടി കോളനിപ്പടിക്ക് സമീപമുള്ള സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ ഞായാറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മുതൽ വൈകുന്നേരം ആറു വരെ മൃതദേഹം പൊതുദർശനത്തിനു വച്ചിരുന്നു. അതിനു ശേഷം മൃതദേഹം ലിറ്റിൽ ഫ്ളവർ സെമിനാരിയിലേക്ക് മാറ്റി. സി. എസ്. ടി സഭയുടെ സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ ഫാ. എമ്മാനുവൽ തൊടുപുഴ - (കരിമണ്ണൂർ) അറയ്ക്കത്തോട്ടം പരേതരായ മത്തായി-മറിയാമ്മ ദമ്പതികളുടെ മകനാണ്. 1957-ൽ മംഗലപ്പുഴ പൊന്തിഫിക്കൽസെമിനാരിയിൽ വച്ച് വൈദിക പട്ടം സ്വീകരിച്ചു.തുടർന്ന് റോമിൽ ഉന്നത വിദ്യാഭ്യാസം നടത്തി സഭാ നിയമത്തിൽ ഡോക്ടറേറ്റ് നേടി.

ആലുവ, മൂക്കന്നൂർ, പുത്തൻ കുരിശ് എന്നീ സെമിനാരികളിൽ റെക്ടറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നാല് വർഷങ്ങളായി സീറോ മലബാർ സഭയുടെ വിവാഹ കോടതി ജഡ്ജിയായി പ്രവർത്തിച്ചു വരികയായിരുന്നു. റവ. ഡോ. എമ്മാനുവേൽ. മൂക്കന്നൂർ, പുത്തൻകുരിശ്, കോട്ടൂർ എന്നിവടങ്ങളിൽ ആശ്രമം സുപ്പീരിയറായും പ്രവർത്തിച്ചിരുന്നു. ഗോരഖ്പൂർ എൽ.എസ്.ടി സിസ്റ്റേഴ്സ് ഡയറക്ടർ, കോട്ടൂർ തോമസ് പള്ളി വികാരി എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിരുന്നു. സഹോദരങ്ങൾ: റോസ മത്തായി പാറക്കാട്ടേൽ (നാകപ്പുഴ), പരേതനായ സിസ്റ്റർ മാക്സിമ സി. എം.സി, പരേതനായ ബ്രദർ ജോസ്, സിസ്റ്റർ കൺസെപ്റ്റ് സി. എം.സി (വാഴക്കുളം), സിസ്റ്റർ സെലിൻ എസ്.സി.എൻ (ബാഗ്ലൂർ), കാതറീൻ മാണി വട്ടമറ്റം (ആവോലി), ഹെലൻ ജോർജ്ജ് ചൂരക്കുന്നേൽ(ബാംഗ്ലൂർ), ലൂസി എബ്രാഹാം വിതയത്തിൽ (യു.എസ്.എ), മത്തച്ചൻ(കരിമണ്ണൂർ). ഫാ. മാത്യൂ അറയ്ക്കത്തോട്ടം വി.സി(തൊടുപുഴ) പിതൃസഹോദര പുത്രനാണ്. ഈ വർഷം മാർച്ച് 11 -ന് ആയിരുന്നു പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിച്ചത്.

05. സർക്കാർ-സ്വാശ്രയ സ്ഥാപന കരാർ അംഗീകരിക്കില്ല: ചർച്ച് കൗൺസിൽ. (Manorama 28-07-2007)

ചില സ്വാശ്രയ സ്ഥാപനങ്ങളുമായി സർക്കാർ ഇപ്പോൾ ഒപ്പുവെക്കുന്ന കരാർ അംഗീകരിക്കാനാവില്ലെന്ന് ഇന്റർ ചർച്ച് കൗൺസിൽ. തിരുവല്ല മേരിഗിരി അരമനയിൽ നടന്ന കൗൺസിൽ യോഗത്തിലാണ് തീരുമാനമുണ്ടായത്. മാനേജ്മെന്റ് സീറ്റുകളിലേക്ക് സർക്കാർ വാഗ്ദാനം ചെയ്തിരിക്കുന്ന ഉയർന്ന ഫീസ് സാമൂഹിക നീതിക്ക് എതിരാണെന്നും ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലും പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലായിരിക്കുമെന്നും കൗൺസിൽ വ്യക്തമാക്കി.

സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനവും ഫീസ് സ്കോളർഷിപ്പും ഉറപ്പാക്കുന്ന പ്രവേശന രീതിയായിരിക്കും ഉണ്ടാവുക. എൻട്രൻസ് റാങ്കിനൊപ്പം പ്ലസ്ടു മാർക്കും പരിഗണിക്കും. തലവരി പണവും ക്രോസ് സബ്സിഡിയും അനുവദിക്കില്ല. പ്രോസ്പെക്ടസിലെ നിബന്ധനകൾ അനുസരിച്ച് മാത്രമേ പ്രവേശനം നടത്തുകയുള്ളു. ന്യൂനപക്ഷ അവകാശമെന്നത് പുതിയ തലമുറയ്ക്ക് ക്രൈസ്തവ സംസ്കാരവും മൂല്യവും പകർന്നുകൊടുക്കുക എന്നാണ് അർത്ഥമാക്കുന്നത്. സമുദായത്തിന് അർഹമായ ന്യൂനപക്ഷാവകാശം അടിയറവ് വയ്ക്കില്ലെന്നും കൗൺസിൽ വ്യക്തമാക്കി. പുതിയ

തീരുമാനമനുസരിച്ച് 85% സീറ്റുകളും മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും. ഇതിൽ 40% ഓപ്പൺ മെറിറ്റ് ആയിരിക്കും. 15% എൻ ആർ ഐ വിഭാഗത്തിനും, അഞ്ച് ശതമാനം പിന്നോക്ക വിഭാഗത്തിനും ഉണ്ടായിരിക്കുമെന്നറിയുന്നു.

06. സർക്കാർ അധികാരമേറ്റതിന് ശേഷം സംസ്ഥാനത്ത് 9,401 പേർ ജീവനൊടുക്കി; 12,804 ക്രിമിനൽ കേസുകൾ, 913 പെൺകുട്ടികളെയും കാണാതായി. (Mangalam 28-07-2007)

സർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാനത്ത് 12,804 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പതിനായിരത്തോളം പേർ ജീവനൊടുക്കിയിട്ടുണ്ടെന്നും ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ. ക്രിമിനൽ കേസുകളിൽ 22 എണ്ണത്തിൽ ഭരണകക്ഷികളിൽപെട്ടവർ പ്രതികളാണ്. 4,297 ഭവനഭേദനങ്ങൾ റിപ്പോർട്ട് ചെയ്തു. ഇവയിൽ ഒരാൾ മരിച്ചു. 41 പേർക്ക് പരുക്കേറ്റു. ഭവനഭേദനങ്ങളിൽ 22,87,04,220 രൂപയുടെ നഷ്ടമുണ്ടായി. എല്ലാ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്തു. 1184 എണ്ണത്തിൽ പ്രതികളെ പിടിച്ചെന്നും മന്ത്രി കോടിയേരി സി. ടി. അഹമ്മദാലി, വി.കെ ഇബ്രാഹിംകുഞ്ഞ് എന്നിവരുടെ ചോദ്യങ്ങൾക്ക് രേഖാമൂലം മറുപടി നൽകി. 9,041 പേർ ജീവനൊടുക്കി. 42 പേർ ദുരൂഹസാഹചര്യത്തിൽ മരിച്ചു . 19 എണ്ണം കൊലപാതകമാണ്. 333 കേസുകൾ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. 16 കേസുകളിൽ അന്വേഷണം പൂർത്തിയാക്കാൻ കഴിഞ്ഞതായും മന്ത്രി കൂട്ടിച്ചേർത്തു.

സർക്കാർ അധികാരത്തിൽ വന്നശേഷം 20 വയസ്സിൽ താഴെയുള്ള 913 പെൺകുട്ടികളെ കാണാതായതായി മന്ത്രി കോടിയേരി ബാലകൃഷ്ണൻ നിയമസഭയെ അറിയിച്ചു. കാണാതായവരിൽ 551 ആൺകുട്ടികും ഉൾപ്പെടും. തിരുവനന്തപുരം ജില്ലയിൽ നിന്ന് 148 പെൺകുട്ടികളെ കാണാതായി. പത്തനംതിട്ട 74, കൊല്ലം 116, ആലപ്പുഴ 55, ഇടുക്കി 36, കോട്ടയം 61, എറണാകുളം 76, തൃശൂർ 78, പാലക്കാട് 58, മലപ്പുറം 64, കോഴിക്കോട് 55, വയനാട് 24, റെയിൽവേ 2 എന്നിങ്ങനെയാണ് കാണാതായ പെൺകുട്ടികളുടെ എണ്ണം. ഇതു സംബന്ധിച്ച് 882 കേസുകൾ രജിസ്റ്റർ ചെയ്തു.

20 വയസിൽ താഴെയുള്ള 1464 പേരെയാണ് ആകെ കാണാതായത്. ഇതിൽ 14 വയസിൽ കൂടുതലുള്ളവർ 314 ആണ്. കാണാതായ 1464 പേരിൽ 1218 പേരെ കണ്ടെത്തിയതായും പി. സി വിഷ്ണു നാഥിനെ മന്ത്രി അറിയിച്ചു. സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കും കുട്ടികൾക്കും നേരെ 10,116 പീഡനങ്ങൾ നടന്നതായി കോടിയേരി അറിയിച്ചു.